## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2313 — 06.10.2016-ൽ മറുപടിയ്ക്ക്

### കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.പി.സി.ജോർജ് | | ശ്രീ.ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിലെ ഉദ്യോഗസ്ഥർക്കും കരാർ ജീവനക്കാർക്കുമായി പ്രതിമാസം എത്ര കോടി രൂപ ചെലവഴിയ്ക്കുന്നുണ്ടെന്ന് തസ്തിക തിരിച്ച് വിശദമാക്കുമോ; | (എ) | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിലെ എല്ലാ ഓഫീസുകളിലേയും ജീവനക്കാർക്കായി ചെലവഴിക്കുന്ന തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.<br><br>പ്രതിമാസ ശമ്പളം സ്റ്റാഫ് - 6131995/-രൂപ<br>ഓഫീസേഴ്സ് - 7666360/-രൂപ<br>കരാർ ജീവനക്കാർ - 1671123/- രൂപ<br>പെൻഷൻ - 12023628/-രൂപ<br>ആകെ - 27493106/- രൂപ<br><br>തസ്തിക തിരിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത ചെലവിനായി സർക്കാരിൽ നിന്നും ഭവന നിർമ്മാണ ബോർഡിന് പ്രതിമാസം എന്തെങ്കിലും തുക നൽകുന്നുണ്ടോ; | (ബി) | പ്രസ്തുത ചെലവിനായി സർക്കാരിൽ നിന്നും ഭവന നിർമ്മാണ ബോർഡിന് യാതൊരു തുകയും നല്കുന്നില്ല. |
| (സി) | പ്രസ്തുത സ്ഥാപനത്തിൽ കരാർ വ്യവസ്ഥയിൽ ജോലിനോക്കുന്നവർ എത്രയെന്ന് തസ്തിക തിരിച്ച് വിശദമാക്കുമോ; ഇവർ ഓരോരുത്തരുടെയും പ്രതിമാസ ശമ്പളം ഇനം തിരിച്ച് വിശദമാക്കുമോ; | (സി) | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ സംസ്ഥാനത്ത് ഒട്ടാകെയുള്ള ഓഫീസുകളിൽ 01.10.2016-ലെ കണക്ക് പ്രകാരം വിവിധ തസ്തികകളിലായി 107 പേർ കരാർ അടിസ്ഥാനത്തിൽ ജോലി നോക്കുന്നുണ്ട്. ടി യാളുകളുടെ തസ്തിക, പ്രതിമാസ പ്രതിഫലം എന്നിവ അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഭവന നിർമ്മാണ ബോർഡ് നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എത്ര കാലമായി പ്രസ്തുത സ്ഥാപനം നഷ്ടത്തിലാണെന്നും ഇതിനായി പ്രതിമാസം സർക്കാരിൽ നിന്നും ചെലവഴിക്കുന്ന തുക എത്രയെന്നും വിശദമാക്കുമോ? | (ഡി) | ഉണ്ട്; ബോർഡ് 1999-2000 മുതൽ നഷ്ടത്തിലാണ്. ഇതിനായി സർക്കാരിൽ നിന്നും തുകയൊന്നും നൽകുന്നില്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | തസ്തികയുടെ പേര് | കരാറടിസ്ഥാനത്തിൽ ജോലിചെയ്യുന്നവരുടെ എണ്ണം | പ്രതിമാസ പ്രതിഫലം രൂപ |
|---|---|---|---|
| 1 | അസിസ്റ്റന്റ് ഗ്രേഡ് 2 | 16 | 10,000 |
| 2 | എൽ.ജി.ഇ | 8 | 8,750 |
| 3 | വാച്ചർ/സെക്യൂരിറ്റി ഗാർഡ് | 10 | @ 5,250 (ഒരാൾക്ക്)<br>@ 9,000 (2 പേർക്ക്)<br>@12,000 ( 6 പേർക്ക്)<br>@12,400 (ഒരാൾക്ക്) |
| 4 | ഡ്രൈവർ | 5 | 11,700 |
| 5 | അസിസ്റ്റന്റ് എൻജിനീയർ | 15 | 18,000 |
| 6 | ഡ്രാഫ്റ്റ്സ് മാൻ/ഓവർസീയർ | 15 | 10,000 |
| 7 | സ്വീപ്പർ | 18 | 4,000 |
| 8 | ഡേറ്റാ എൻട്രി | 3 | 10,000 |
| 9 | ടൈപ്പിസ്റ്റ് | 8 | 10,000 |
| 10 | ലിഫ്റ്റ് ഓപ്പറേറ്റർ | 1 | 9,425 |
| 11 | ഹാർഡ് വെയർ ടെക്നീഷ്യൻ | 2 | 16,000 |
| 12 | പമ്പ് ഓപ്പറേറ്റർ | 2 | @ 4,000 (ഒരാൾക്ക്)<br>@ 10,000 (ഒരാൾക്ക്) |
| 13 | ഫൈനാൻസ് മാനേജർ | 1 | 75,000 |
| 14 | പ്രോജക്ട് ഡയറക്ടർ | 1 | 50,000 |
| 15 | വയർമാൻ/ഇലക്ട്രീഷ്യൻ | 1 | 17,100 |
| 16 | ഗസ്റ്റ് ഹൗസ് അസിസ്റ്റന്റ് | 1 | 10,000 |
| | ആകെ | 107 | |

Dy